പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1959 | 16.02.2016 ൽ മറുപടിക്ക്

## കുറ്റാരോപിതരായ ഐ.പി.എസ്. ഓഫീസർമാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി | |
| (എ) | പോലീസ് സേനയിൽ ഉണ്ടായ കുറ്റാരോപണങ്ങളും അഭിപ്രായപ്രകടനങ്ങളും പരിശോധിച്ചുവോ ; | (എ)<br>&<br>(ബി) | ഇത്തരം സംഭവങ്ങൾ ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇവയിന്മേൽ സർക്കാരിന് ലഭിച്ച വിവരങ്ങൾ എന്തെന്നും ഇത്തരം സംഭവങ്ങൾ തടയുവാൻ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കുമോ; | | |
| (സി) | ഐ.പി.എസ്. ഓഫീസറായ ടോമിൻ തച്ചങ്കരി, ഐ.പി.എസ്.വനിതാ ഓഫീസറായ ശ്രീലേഖ എന്നിവർ തമ്മിലുള്ള പ്രശ്നങ്ങൾ എന്തെല്ലാമെന്നും ഇവർ നേരിടുന്ന അന്വേഷണ വിഷയങ്ങൾ എന്തെല്ലാമെന്നും ഇവർക്കുമേൽ എത്ര അന്വേഷണങ്ങൾ പൂർത്തിയായി എന്നും എത്ര അന്വേഷണങ്ങൾ നടക്കുന്നുവെന്നും ഇവരുടെ സർവ്വീസ് കാലയളവിൽ എത്ര ദിവസം സർവ്വീസിൽ നിന്നും പുറത്തു നിൽക്കേണ്ടിവന്നു എന്നും അഴിമതിക്കേസ്സുകളിലെ വിശദാംശം എന്തെന്നും വ്യക്തമാക്കുമോ ; | (സി) | ഐ.പി.എസ്. ഓഫീസർമാരായ ശ്രീ.ടോമിൻ ജെ. തച്ചങ്കരി, IPS (KL:1987), ശ്രീമതി.ആർ.ശ്രീലേഖ, IPS (KL-1987) എന്നിവർ തമ്മിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് സർക്കാരിന് വിവരങ്ങളൊന്നുമില്ല. എന്നാൽ ശ്രീമതി.ആർ.ശ്രീലേഖ IPS (KL-1987) തനിക്കെതിരെ ശ്രീ.ടോമിൻ.ജെ.തച്ചങ്കരി സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എറണാകുളം ബെഞ്ചിലും, പൊതു മാധ്യമങ്ങളിലും അടിസ്ഥാന രഹിതമായ ആരോപണം നടത്തിയതിന് 'defamatory case' കോടതി മുമ്പാകെ ഫയൽ ചെയ്യുന്നതിന് 27/04/2010 ൽ അനുമതി ആവശ്യപ്പെടുകയും 30-07-2010 ലെ സ.ഉ (ആർ.റ്റി) നമ്പർ 5760/10/GAD പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവാകുകയും ചെയ്യുകയുണ്ടായി. മാത്രമല്ല ശ്രീ. ടോമിൻ ജെ. തച്ചങ്കരി, IPS (KL:1987) തനിക്കെതിരെ, ശ്രീമതി. ആർ. ശ്രീലേഖ, IPS അടിസ്ഥാനരഹിതമായ ആരോപണം 'Face book' ലൂടെ പ്രചരിപ്പിച്ചതിന് prosecution അനുമതിയും 'defamatory case' ഉം ഫയൽ ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് |

01/02/16 ൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ പരിശോധിച്ചുവരുന്നു.

ഈ സർക്കാരിന്റെ കാലയളവിൽ ശ്രീ. ടോമിൻ ജെ. തച്ചങ്കരി, ഐ.പി.എസ് -നെതിരെ നടത്തിയിട്ടുള്ള അന്വേഷണങ്ങളും ഇതുമായി ബന്ധപ്പെട്ട് ടി ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യപ്പെട്ട കാലയളവും ചുവടെ ചേർത്തിരിക്കുന്നു.

(1) സർക്കാർ അനുമതി ഇല്ലാതെ വിദേശയാത്ര നടത്തിയതുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും അഖിലേന്ത്യ സർവ്വീസ് ചട്ടപ്രകാരം അന്വേഷണം നടത്തുകയും തുടർന്ന് ടി ഓഫീസർക്ക് കർശന താക്കീത് നൽകിക്കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ടി ഉദ്യോഗസ്ഥനെ 17-04-2010 മുതൽ 11-07-2011 വരെയും 12-01-2012 മുതൽ 13-04-2012 വരെയും സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയുണ്ടായി.

(2) മുൻകൂർ അനുമതി വാങ്ങാതെ അനധികൃതമായി ഭൂമി ഇടപാട് നടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ. ടോമിൻ ജെ. തച്ചങ്കരി, ഐ.പി.എസ്-നെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും, ചാർജ് മെമ്മോ സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. ഉദ്യോഗസ്ഥൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(3) ശ്രീ. ടോമിൻ ജെ.തച്ചങ്കരി, ഐ.പി.എസ്. കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിൽ, തന്നിലർപ്പിതമായ ഉത്തരവാദിത്ത ത്തിൽ നിന്നും വ്യതിചലിച്ച് ഫെഡറേഷൻ ജീവനക്കാരുടെ രഹസ്യ യോഗം, അദ്ധ്യാപക ഭവനിൽ വിളിച്ച് ചേർത്ത് വകുപ്പ് മന്ത്രിക്കും, മുഖ്യമന്ത്രിക്കും, എം.എൽ.എ-യ്ക്കുമെതിരെ മോശമായ പദപ്രയോഗം നടത്തിയത്

സംബന്ധിച്ച് അച്ചടക്ക നടപടി സ്വീകരിക്കുകയും ചാർജ്ജ് മെമ്മോ സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. ശ്രീ. ടോമിൻ ജെ. തച്ചങ്കരി തന്റെ സർവ്വീസ് കാലയളവിലാകെ എത്ര ദിവസം സർവ്വീസിൽനിന്നും പുറത്തുനിൽക്കേണ്ടി വന്നു എന്നതും, അഴിമതിക്കേസ്സുകളുടെ വിശദാംശങ്ങളും, ശ്രീമതി. ശ്രീലേഖ, ഐ.പി.എസ്സിനെ സംബന്ധിച്ചുള്ള വിശദാംശങ്ങളും ശേഖരിച്ചു വരുന്നു.

(ഡി) ഈ സർക്കാർ കാലയളവിൽ ഐ.പി.എസ്. ഓഫീസർമാരുടെ സ്ഥലമാറ്റ ഉത്തരവുകളിൽ എത്രയെണ്ണം കോടതി/സർക്കാർ തലങ്ങളിലും വ്യക്തിപരമായും ചോദ്യം ചെയ്യപ്പെട്ടു ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഐ.പി.എസ് ഉദ്യോഗസ്ഥരായ Smt. Uma, IPS, Smt. S. Ajeeta Begum, IPS, Sri. Putta Vimaladitya, IPS & Sri. H. Manjunath, IPS എന്നിവർ 15-02-2014 ലെ സ.ഉ (ആർ.റ്റി) നമ്പർ 1426/14/GAD പ്രകാരമുള്ള സ്ഥലമാറ്റ ഉത്തരവ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എറണാകുളം ബെഞ്ച് മുമ്പാകെ O.A 180/00129/14 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത O.A ൽ 24-03-2014 ൽ Reply Statement ട്രിബ്യൂണൽ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ അന്തിമ വിധി ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടില്ല. കൂടാതെ ശ്രീ. ഡി. മധു, ഐ.പി.എസ്. 06/03/2014-ലെ സ.ഉ.(സാധ) നം. 1923/14/GAD പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ O.A.-180/00161/14 ഫയൽ ചെയ്തു. ഈ കേസിൽ 15.03.2014-ൽ സർക്കാർ Reply Statement ഫയൽ ചെയ്തു.

(ഇ) ഈ സർക്കാർ കാലയളവിൽ പ്രതികളിൽ നിന്നും പിടിച്ചെടുത്ത രേഖകൾ നശിപ്പിച്ചവരും പരീക്ഷകളിൽ കോപ്പിയടിച്ചവരുമായ ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്നും അവർ ഇപ്പോൾ സർവ്വീസിൽ ഉണ്ടോയെന്നും എങ്കിൽ ഏത് തസ്തികയിൽ ,എവിടെയെന്നും വ്യക്തമാക്കുമോ;

(ഇ) എം.ജി.സർവകലാശാലയുടെ എൽ.എൽ.എം പരീക്ഷയിൽ, തൃശ്ശൂർ റേഞ്ച് ഐ.ജി ആയിരുന്ന ശ്രീ.റ്റി.ജെ.ജോസ്, ഐ.പി.എസ് കോപ്പിയടിച്ചതുമായി ബന്ധപ്പെട്ട്, ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി 19-05-2015 ലെ സ.ഉ (ആർ.റ്റി) നമ്പർ 3717/15/GAD ഉത്തരവ് പ്രകാരം തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തുന്നതിന് വേണ്ടി ഫയൽ ആഭ്യന്തര വകുപ്പിന് ലഭിച്ചു. പ്രസ്തുത അന്വേഷണത്തിനു സമാന്തരമായി സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ സ്റ്റുഡന്റ്സ് ഡിസിപ്ലിൻ, വെൽഫെയർ & ഗ്രിവൻസെസ് അന്വേഷണം നടത്തുകയുണ്ടായി. കമ്മിറ്റി സമർപ്പിച്ച

Enquiry Report ന്റെ അടിസ്ഥാനത്തിൽ, യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് 18-12-2015 ൽ യോഗം കൂടുകയും, 06-01-2016 ലെ D.O.No: 113/EA11/1/8/2016/Exam ഉത്തരവ് പ്രകാരം ശ്രീ. റ്റി.ജെ. ജോസ്, ഐ.പി.എസ്. ഏപ്രിൽ/മെയ് 2015-ൽ എഴുതിയ എല്ലാ പരീക്ഷകളും (എൽ.എൽ.എം) റദ്ദ് ചെയ്യുകയും മെയ് 2016 വരെ യൂണിവേഴ്സിറ്റി നടത്തുന്ന എല്ലാ പരീക്ഷയിൽ നിന്നും ടിയാനെ വിലക്കുകയും (Debar) ചെയ്യുകയുണ്ടായി.

ശ്രീ. റ്റി.ജെ. ജോസ്, ഐ.പി.എസ്, തനിക്ക് തുടർ നിയമനങ്ങൾ നൽകിയില്ല എന്നു കാണിച്ച് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ O.A.No: 180/00715/15 ഫയൽ ചെയ്യുകയും ട്രിബ്യൂണൽ 19-11-2015 പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 01-01-2016 ലെ സ.ഉ നമ്പർ 01/2016/GAD പ്രകാരം ശ്രീ. റ്റി.ജെ. ജോസ്, ഐ.പി.എസ്-നെ IGP (Home Guards, Community Policing and Gender Justice) ആയി നിയമിക്കുകയുണ്ടായി.

(എഫ്) കേരള പോലീസിന്റെ നയത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഐ.പി.എസ്. ഉദ്യോഗസ്ഥരെ കണ്ടെത്തി, എന്ത് നിയമനടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

(എഫ്) ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമ വ്യവസ്ഥ അനുസരിച്ച് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

Rajani M

സെക്ഷൻ ഓഫീസർ